# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2760 14.02.2013-ൽ മറുപടിക്ക്**

**നാദാപുരം മണ്ഡലത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നാദാപുരം മണ്ഡലത്തിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തൊക്കെ പ്രവർത്തന ങ്ങളാണ് ഇതുവരെയായും നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) നാദാപുരം മണ്ഡലത്തിലെ ഏഴ് വില്ലേജുകളിൽ ജലവിതരണം നടത്താനുദ്ദേശിച്ച് ആരംഭിച്ച കന്നുമ്മലും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധ ജലവിതരണ പദ്ധതിയുടെ പ്രവർത്തികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. പദ്ധതിക്ക് ഭരണാനുമതി നൽകിയ തുകയുടെ അപര്യാപ്തതമൂലം നാലു വില്ലേജുകളിൽ വിതരണ ശൃംഖല സ്ഥാപിക്കാൻ കഴിയാതെ വന്നു. ആയതിനാൽ വളയം, വാണിമേൽ, കായക്കൊടി, നരിപ്പറ്റ എന്നീ വില്ലേജുകളിലെ വിതരണ ശൃംഖല സ്ഥാപിക്കാൻ ഈ സർക്കാർ അധികാരമേറ്റ ശേഷം ഭരണാനുമതി നൽകി. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.<br>1) NRDWP(SLSSC -2010) വളയം വില്ലേജ് പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ 09/12/11-300 ലക്ഷം<br>2) NRDWP (SLSSC-2011) വാണിമേൽ വില്ലേജ് പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ 31-03-2012 -533 ലക്ഷം.<br>3) NRDWP(SLSSC -2011) നരിപ്പറ്റ വില്ലേജ് പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ 09/12/2011 - 300 ലക്ഷം<br>4) NRDWP(SLSSC -2012) കായക്കൊടി |

വില്ലേജ് പദ്ധതിയുടെ വിതരണ ശൃംഖലയും ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കലും 25/08/2012. 1563.15 ലക്ഷം. നാദാപുരം മണ്ഡലത്തിലെ കന്നമ്മലും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കന്നമ്മല് ബൃഹത് പദ്ധതിയുടെ ഏഴ് ഘട്ടങ്ങൾക്കായി 31.61 കോടി രൂപയ്ക്കായിരുന്നു ഭരണാനുമതി നൽകിയിരുന്നത്. ടി തുക ഇപ്പോൾ 32.886 കോടി രൂപയ്ക്ക് പുതുക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം നാദാപുരം മണ്ഡലത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1) വാണിമേൽ പഞ്ചായത്തിലെ കാപ്പുമ്മൽ കുടിവെള്ള പദ്ധതിക്കുവേണ്ടി 30 ലക്ഷം രൂപക്കുള്ള പ്രൊപ്പോസൽ എം.എൽ.എ. വികസന ഫണ്ടിൽ ഉൾ പ്പെടുത്തുന്നതിന് സമർപ്പിച്ചു.

2) നാദാപുരം പഞ്ചായത്തിലെ കഴുക്കോത്തറ കുടിവെള്ള പദ്ധതിക്കു വേണ്ടി ബഹു. നാദാപുരം എം.എൽ.എ.എസ്ഡി എഫ് ൽ നിന്നും 4.30 ലക്ഷം രൂപ അനുവദിച്ചു.

3) വളയം ഗ്രാമപഞ്ചായത്തിൽ പ്പെട്ട മുതുക്കുറ്റി, ചുഴലി, കരിക്കിലായി കുടിവെള്ള പദ്ധതി എം.പി. എൽഎഡി. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

4) വാണിമേൽ പഞ്ചായത്തിലെ ഭൂമിവാതുക്കൽ ശുദ്ധ ജലവിതരണ പദ്ധതിയിൽ നിന്നും പഞ്ചായത്ത് ഡപ്പോസിറ്റ് വർക്ക് പ്രകാരം വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി സ്ഥാപിച്ചു.

5) നാദാപുരം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് പഞ്ചായത്ത് ഡപ്പോസിറ്റ് വർക്ക് പ്രകാരം ഒഞ്ചിയം ചോറോട്ട് സമഗ്ര ശുദ്ധ ജല പദ്ധതിയിൽ നിന്നും പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിച്ചു.

6) തൂണേരി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് പഞ്ചായത്ത് ഡപ്പോസിറ്റ് വർക്ക് പ്രകാരം ഒഞ്ചിയം ചോറോട് സമഗ്ര ജല പദ്ധതിയിൽനിന്നും പൈപ്പ് ലൈൻ നീട്ടി സ്ഥാപിച്ചിട്ടുണ്ട്.

7) നരിപ്പറ്റ പഞ്ചായത്തിലെ പൊടിക്കളം ശുദ്ധജല വിതരണ പദ്ധതി എം.പി. എൽഎഡി. ഫണ്ടിൽ ഉൾ പ്പെടുത്തി നടപ്പിലാക്കി വരുന്നു.

8) വാണിമേൽ പഞ്ചായത്തിലെ വലിയഫാനോംകുടിവെള്ളപദ്ധതിയ്ക്ക് വേണ്ടി എം.പി, എൽ.എ.ഡി ഫണ്ടിൽ പ്പെടുത്തി 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി കേരള വാട്ടർ അതോറിറ്റി, മാനേജിംഗ് ഡയറക്ടർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

9) നാദാപുരം പഞ്ചായത്തിലെ ഏഴാം വാർഡിലെ ചുണ്ടക്കുന്ന് കല്ലിക്കാടിചാത്തോക്ക് ഭാഗങ്ങളിലെ കുടിവെള്ള പദ്ധതിക്കു വേണ്ടി എം.പി.,എൽ.എ.ഡി. ഫണ്ടിൽ പ്പെടുത്തി നാലു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) വരൾച്ച കൂടുതൽ അനുഭവപ്പെടുന്ന നാദാപുരം മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഒരു നിയോജക മണ്ഡലത്തിലെ പദ്ധതിക്കായി വരൾച്ചയിൽ പ്രത്യേകം തുക അനുവദിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ